little KITEs

# TECH - FRANCIA

## ഡിജിറ്റൽ മാഗസിൻ 2018-19





# സന്ദേശം

ഇന്നത്തെ ലോകത്ത് വാർത്തകൾ അതിവേഗം അറിയുന്നതിന് ഇലക്ട്രോണിക്സ് മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ വിവിധ കഴിവുകളുടെ സമാഹാരമാണ് ഈ ഡിജിറ്റൽ മാഗസിൻ. ഹൈടെക് സാങ്കേതികവിദ്യയിലൂടെ പഠനം കൂടുതൽ ക്രിയാത്മകമായി മാറുന്നുണ്ട്.

വിദ്യാലയത്തിലെ ഐടി പ്രവർത്തനങ്ങളുടെ ചാലക ശക്തിയായി പ്രവർത്തിക്കുന്ന സ്കൂൾ ഐടി കോഡിനേറ്റർ, ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ സെബി തോമസ് മാസ്റ്റർ, ജോയിന്റ് സ്കൂൾ ഐടി കോഡിനേറ്റർ, ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് ഷെൽജി ടീച്ചർ , മറ്റ് ഐടി അധ്യാപകർക്കും ഈ അവസരത്തിൽ പ്രത്യേകം നന്ദി അർപ്പിക്കുന്നു.

മാഗസിനിൽ രചനകളെകൊണ്ട് സംപുഷ്ടമാക്കിയ വിദ്യാർഥികൾക്കും അണിയറയിൽ പ്രവർത്തിച്ചവർക്കും പ്രത്യേകം അനുമോദനങ്ങൾ .

ഒരിക്കൽക്കൂടി ഈ മാഗസിന് ഒരായിരം ആശംസകൾ നേർന്നുകൊണ്ട് നിർത്തുന്നു.

സ്നേഹപൂർവ്വം ഹെഡ്മാസ്റ്റർ

ആന്റോ സി കാക്കശ്ശേരി.



# സന്ദേശം

ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ പൂർത്തീകരിച്ച ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളുടെ കമ്പ്യൂട്ടർ പരിജ്ഞാന വികാസത്തിന് പര്യാപ്തമാകട്ടെയെന്നും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിനും പ്രവർത്തനങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

പ്രിൻസിപ്പൽ

ഓസ്റ്റിൻ ഇമ്മട്ടി ജെ.



# സന്ദേശം

എന്റെ ഏറ്റവും പ്രിയപ്പെട്ട മക്കളെ, മറ്റും സെന്റ്. ഫ്രാൻസിസ് ഹയർ സെക്കന്ററി സ്കൂളിൽ പഠിക്കാൻ അവസരം ലഭിച്ചത് നിങ്ങളുടെ ഭാഗ്യമായും സ്കൂളിലെ പി ടി എ പ്രസിഡന്റ് ആകാൻ സാധിച്ചത് എന്റെ ഭാഗ്യമായും ഞാൻ കാണുന്നു. എന്തെന്നാൽ സ്കൂൾ വിദ്യാഭ്യാസം അനായാസം കൈകാര്യം ചെയ്യാൻ കഴിവുള്ള ഒരു പറ്റം അധ്യാപകരാൽ സമ്പുഷ്ടമാണ് ഈ സ്കൂൾ. സ്നേഹവും സൗഹാർദ്ദവും നന്മയും ഒരുപോലെ ചാലിച്ചു തന്റെ മക്കളെപ്പോലെ ചേർത്ത് നിർത്തി അവർ വിദ്യ അഭ്യസിപ്പിക്കുന്നു .

മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ അതിശയിപ്പിക്കുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ അതിനാൽതന്നെ ഈ സ്കൂളിന് ആയിട്ടുണ്ട്. എങ്ങനെയൊക്കെയോ കുട്ടികളെ സ്വാധീനിക്കാൻ കഴിയും അത്തരത്തിൽ എല്ലാ മികച്ച ആധുനിക സാങ്കേതികവിദ്യകളിലൂടെയും കുട്ടികളുടെ കഴിവിനെ വളർത്തിയെടുക്കാൻ അവർ ശ്രമിക്കുമ്പോൾ അവരോട് ചേർന്ന് നിന്നുകൊണ്ട് ആ അവസരങ്ങളെ മുതലെടുക്കുവാൻ കുട്ടികളായ നിങ്ങൾക്ക് കഴിഞ്ഞാൽ നിങ്ങൾ മികവിനെ പര്യായങ്ങളായി തീരും എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട .

ഡിജിറ്റൽ മാഗസിൻ ഇറക്കുക വഴി നവമാധ്യമങ്ങളിലൂടെ ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യാൻ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന് ആകട്ടെ എന്ന് ആത്മാർത്ഥമായി ഞാൻ ആഗ്രഹിക്കുന്നു. ഈ ഉദ്യമത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അദ്ധ്യാപകരേയും എന്റെ പ്രിയപ്പെട്ട മക്കളെയും ഞാൻ അഭിനന്ദിക്കുന്നു . എല്ലാ വിജയവും നിങ്ങളുടേത് ആകട്ടെ എന്ന് ആശംസിക്കുന്നു.

ജോസ് കെ സി

പി.ടി.എ പ്രസിഡന്റ്



# എഡിറ്റർ

വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ വിദ്യാഭ്യാസരംഗത്ത് വളരെ വലിയ മാറ്റങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. വിദ്യാലയത്തിൽ ക്ലാസ്സുകളെല്ലാം ഹൈ–ടെക്കായി . ഈ മാറ്റത്തിനൊത്ത് വിദ്യാർത്ഥികളെ സാങ്കേതികവിദ്യയുടെ ലോകത്തേക്ക് കൈപിടിച്ച് ഉയർത്തുന്നതിനും അറിവ് നിർമാണത്തിന് പ്രാപ്തരാക്കുന്നതിനും വേണ്ടിയാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് രൂപീകരിച്ചിട്ടുള്ളത്. അതിൽ അംഗങ്ങളാകുന്ന വിദ്യാർഥികൾക്ക് ഈ രംഗത്ത് വേണ്ടത്ര പരിശീലനം നൽകുന്നു.

എല്ലാ മേഖലകളിലും പ്രത്യേകിച്ച് പത്രപ്രവർത്തനരംഗത്തും സാഹിത്യരംഗത്തും സാങ്കേതികവിദ്യയുടെ സ്വാധീനം കാണാം. വായന തന്നെ കമ്പ്യൂട്ടർ വൽക്കരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാലയത്തിൽ വിദ്യാർത്ഥികളുടെ രചനകൾ ഉൾപ്പെടുത്തി ഒരുക്കിയ ഈ ഡിജിറ്റൽ മാഗസിൻ കാലിക പ്രാധാന്യം അർഹിക്കുന്നു.

ടൈപ്പിംഗ് എഡിറ്റിംഗ് എല്ലാം കമ്പ്യൂട്ടറിലൂടെ ചെയ്യാനുള്ള അറിവും പരിചയവും നേടാൻ വിദ്യാർത്ഥികളെ സഹായിക്കുന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു. മാറുന്ന കാലത്തിനൊപ്പം നടക്കാൻ ഐ.സി.ടി യുടെ അനന്ത സാധ്യതകളിലേക്ക് ചുവടുവയ്ക്കാൻ മറ്റും സെൻറ് ഫ്രാൻസിസ് വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിക്കട്ടെ.

സ്നേഹപൂർവ്വം
സിസിലി ടീച്ചർ

# സമർപ്പണം



**ശ്രീമതി. ഷീല ജോസഫ് എം .**

**ഈ അധ്യയന വർഷം അധ്യാപന ജീവിതത്തിൽ നിന്നും വിരമിക്കുന്ന ഫിസിക്കൽ സയൻസ്, ഐടി  അധ്യാപിക ശ്രീമതി. ഷീല ജോസഫ് എം നായി ലിറ്റിൽ കൈറ്റ്സ് കുടുംബം ഈ മാഗസിൻ സമർപ്പിക്കുന്നു.**

**ടീച്ചറുടെ തുടർന്നുള്ള ജീവിതത്തിൽ എല്ലാ ഐശ്വര്യങ്ങളും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.**

# പത്രാധിപ സമിതി



സിസിലി (എഡിറ്റർ & മലയാളം അധ്യാപിക )



അജിൻ എം വി (സ്റ്റുഡൻറ് എഡിറ്റർ)



സെബി തോമസ് കെ (എസ് ഐ ടി സി & കൈറ്റ് മാസ്റ്റർ)



ഷെൽജി പി ആർ (ജോയിന്റ്. എസ് ഐ ടി സി & കൈറ്റ് മിസ്ട്രസ്)



ടോയ്സി കെ ടി (മലയാളം & വിദ്യാരംഗം കലാ സാഹിത്യ വേദി )



ജാൻസി ഫ്രാൻസിസ് (മലയാളം അധ്യാപിക )



ലാർസൻ സെബാസ്റ്റ്യൻ എം (ഇംഗ്ലീഷ് അധ്യാപകൻ )



ജോൺസൻ സി ടി (ചിത്രകലാ അധ്യാപകൻ )



ക്രിസ്റ്റി ജോസഫ്(ഹിന്ദി അധ്യാപിക)

# താളുകളിൽ


ലിറ്റിൽ കൈറ്റ്സ് ക്ലബ്.....9
കൊച്ചു പട്ടങ്ങൾ.....13
മാറ്റൊലി.....15
ചിത്രം.....16
Question... Answer?.....18
എന്റെ ബാല്യകാലം.....19
ചിത്രം.....19
തിരകൾ തേടി.....20
ചിത്രം.....22
ജർമ്മൻ നാടോടിക്കഥകൾ.....23
ഈസോപ്പുകഥകൾ.....24
ആൽക്കെമിസ്റ്റ്.....25
ചിത്രം.....27
കുരുടൻ.....29
ചിത്രം.....31
രാക്ഷസനും കുട്ടിയും.....32
തീരാതെ പ്രളയം.....33
ചിത്രം.....35
വഴിയോരം.....36
ചിത്രം.....37
കടുവയെ അനുകരിക്കുക.....42
ചിത്രം.....43
ആകാശം.....44
ചിത്രം.....45
ആസ്വാദനകുറിപ്പ്.....46
ചിത്രം.....47
വേരുകൾ നഷ്ടപ്പെടുത്തുന്നവർ.....48

# TECH - FRANCIA


ചിത്രം....................................................................................................................49

ചിത്രം....................................................................................................................50

ചിത്രം....................................................................................................................51

Alauddin and the Magic Lamp..........................................................................52

ചിത്രം....................................................................................................................53

ചിത്രം....................................................................................................................54

അദ്ധ്വാനിക്കുന്ന മക്കൾ.........................................................................................55

ചിത്രം....................................................................................................................56

ചിത്രം....................................................................................................................57

ഇനിയും മുന്നോട്ട്...............................................................................................58

ആസ്വാദനക്കുറിപ്പ്.............................................................................................59


സ്നേഹത്തിൻ നൊമ്പരം.......................................................................................60

Unity.....................................................................................................................61

മണ്ണിന്റെ മണം.....................................................................................................62

शिक्षा के क्षेत्र में कंप्यूटर का योगदान.......................................................................63

നന്ദി........................................................................................................................64

# ലിറ്റിൽ കൈറ്റ്സ് ക്ലബ്




2018 ജനുവരി മാസത്തിൽ 24 അംഗങ്ങളുമായി മറ്റം സെന്റ് ഫ്രാൻസിസ് ഹൈസ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ് രൂപീകരിച്ചു. കൈറ്റസ് മാസ്റ്ററായി സ്കൂൾ ഐടി കോർഡിനേറ്റർ സെബി തോമസ് മാസ്റ്ററും കൈറ്റ്സ് മിസ്ട്രസായി ജോയിന്റ് ഐടി കോർഡിനേറ്ററായ ഷെൽജി ടീച്ചറും അംഗങ്ങളുടെ പ്രവർത്തനങ്ങൾക്കും പരിശീലനത്തിനും നേതൃത്വം നൽകുന്നു.

ജൂൺ 26ന് അംഗങ്ങൾക്ക് നൽകുന്ന വിവിധ ക്ലാസുകളുടെ ഉദ്ഘാടനം സ്കൂൾ പ്രധാനാധ്യാപകൻ ആന്റോ സി കാക്കശ്ശേരി മാസ്റ്റർ നടത്തുകയും തൃശ്ശൂർ കൈറ്റ് ഓഫീസ് മാസ്റ്റർ ട്രെയിനർ അനീഷ് മാസ്റ്റർ ക്ലാസ്സെടുക്കുകയും ചെയ്തു. വിദ്യാർത്ഥികൾ വളരെ താല്പര്യത്തോടെ ക്ലാസ്സിൽ പങ്കുചേർന്നു.



# TECH - FRANCIA










ജൂലൈ മാസം നാലാം തിയ്യതി ലിറ്റിൽ കൈറ്റ്സ് Reg.No. LK/2018/24018 ആലേഖനം ചെയ്ത ബോർഡ് സ്കൂൾ അങ്കണത്തിൽ ഗേറ്റിനരികിൽ സ്ഥാപിച്ചു.

ആഗസ്റ്റ് മാസത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികൾക്ക് ഐഡി കാർഡ് പ്രധാനാദ്ധ്യാപകൻ ശ്രീ ആന്റോ സി കാക്കശ്ശേരി സ്കൂൾ അസ്സംബ്ലിയിൽ വെച്ച് നൽകി.







ലിറ്റിൽ കൈറ്റ്സ് ക്ലബ് ബോർഡിലും അംഗങ്ങൾക്ക് നൽകിയ ഐഡി കാർഡിലും QR കോഡ് ഉണ്ട് .

# TECH - FRANCIA






ആഗസ്റ്റ് മാസം നാലാം തീയതി ക്ലബ് അംഗങ്ങൾക്കായി കൈറ്റ് തൃശ്ശൂർ ഓഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം ഒരു ദിവസത്തെ ക്യാമ്പ് നടത്തുകയുണ്ടായി. കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകി.





സ്കൂളിൽ എല്ലാ വ്യാഴാഴ്ചയും വൈകീട്ട് 4 മണി മുതൽ 5 മണി വരെ ക്ലബ് അംഗങ്ങൾക്ക് വിവിധവിഷയങ്ങളിൽ കൈറ്റ് ചുമതലയുള്ള സെബി തോമസ് മാസ്റ്ററും ഷെൽജി ടീച്ചറും ക്ലാസ്സുകൾ എടുക്കുന്നുണ്ട്. മലയാളം കമ്പ്യൂട്ടിംഗ് & ഇന്റർനെറ്റ്& ഗ്രാഫിക്സ് & ആനിമേഷൻ,പൈത്തൺ പ്രോഗ്രാമിങ് & ഇലക്ട്രോണിക്സ്, സ്ക്രാച്ച്, റോബോട്ടിക്സ്, ഹാർഡ്‌വെയർ, മൊബൈൽ ആപ്പ് എന്നീ വിഷയങ്ങളിലാണ് ക്ലാസുകൾ നൽകുന്നത്.





ഓണം ,ക്രിസ്തുമസ് അവധിക്കാലങ്ങളിൽ വിദ്യാർത്ഥികൾ ഉപജില്ലാ അടിസ്ഥാനത്തിൽ നടത്തുന്ന പരിശീലനങ്ങളിൽ പങ്കെടുക്കാറുണ്ട്. സർക്കാർ നൽകിയ പുതിയ DSLR ഡിജിറ്റൽ ക്യാമറ പരിശീലനത്തിൽ രണ്ട് വിദ്യാർത്ഥികളും ചിത്രകലാ അധ്യാപകനായ ജോൺസൺ മാസ്റ്റർ പങ്കെടുത്തിരുന്നു. സ്കൂളിലെ പ്രവർത്തനങ്ങൾ ഡിജിറ്റലാക്കുന്നതിന് ക്യാമറയുടെ

# TECH - FRANCIA

സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.



ജനുവരി 22 ന് നടക്കുന്ന സ്കൂൾ വാർഷികം , അധ്യാപക രക്ഷാകർതൃദിനം ,വിരമിക്കുന്ന ഷീല ടീച്ചറുടെ യാത്രയയപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ക്യാമറ പരിശീലനം ലഭിച്ച വിദ്യാർത്ഥികളും അധ്യാപകനും ചേർന്ന് ഒരു പ്രോമോ വീഡിയോ തയ്യാറാക്കി.



ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് സഹായിക്കുന്ന എല്ലാ അധ്യാപകർക്കും, പ്രധാനാധ്യാപകനും,പി.ടി.എ, എം.പി.ടി.എ, ഓഫീസ് സ്റ്റാഫ് അംഗങ്ങൾക്കും സ്കൂൾതല കമ്മിറ്റി അംഗങ്ങൾക്കും പ്രത്യേകം നന്ദി അറിയിച്ചു കൊണ്ടും ഡിജിറ്റൽ മാഗസിനിലേക്ക് രചനകൾ നൽകി സഹകരിച്ച വിദ്യാർത്ഥികളെ അഭിനന്ദിച്ചുകൊണ്ടും നിർത്തുന്നു.

സെബി തോമസ് കെ. (SITC)



ബഹുമാനപ്പെട്ട മണലൂർ എം എൽ എ ശ്രീ. മുരളി പെരുനെല്ലി ഹൈടെക് ക്ലാസ് മുറികളുടെ ഉദ്ഘാടനം ചെയ്യുന്നു.



അജിൻ എം വി X A

# കൊച്ചു പട്ടങ്ങൾ

ക്ലാസ്സിൽ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എല്ലാവരും പോയി. രണ്ടരമണിക്കൂർ പരീക്ഷയിൽ പതിനഞ്ച് മിനിറ്റ് മുമ്പ് പോയവർ ,അഞ്ച് മിനിറ്റ് മുമ്പ് പോയവർ , അങ്ങനെ അവസാന ബെല്ലും അടിച്ചു ഏഴ് മാർക്കിന്റെ ഉപന്യാസം എഴുതാനുണ്ട്. പിന്നെ ഒന്നും നോക്കിയില്ല തകർത്ത് എഴുതി . പരീക്ഷയ്ക്ക് വന്ന മാഷ് ഫോണിൽ നോക്കുകയാണ് അതിനാൽതന്നെ എന്നെ ശ്രദ്ധിച്ചില്ല ഇല്ലെങ്കിൽ ബെല്ലടിച്ചാൽ ഉടനെ പേപ്പർ വാങ്ങുന്ന മാഷാണ്.

പെട്ടെന്ന് മാഷതാ എല്ലാ പേപ്പറുമായി പുറത്തേക്കുപോയി . കാതടപ്പിക്കുന്ന ഫാനിന്റെ ശബ്ദവും കണ്ണടപ്പിക്കുന്ന ട്യൂബിന്റെ പ്രകാശവും നിന്നു അല്പ നിർത്തി.

ഞാനപ്പോഴും എഴുത്ത് തുടർന്നു. പിന്നീട് പേന ചട്ടയിൽ തട്ടുന്ന ശബ്ദം മാത്രം. പെട്ടെന്ന് ഉള്ളതുകൊണ്ട് ഓണം പോലെ എന്നുവിചാരിച്ച് ഞാൻ എന്റെ പേപ്പറുമായി മാഷിന്റെ പിന്നാലെ ശരവേഗത്തിൽ കുതിച്ചു . മാഷിനടുത്തെത്തി കേണപേക്ഷിച്ചു പേപ്പർ നൽകി . സ്കൂളിൽ ആരുമില്ല നിശബ്ദം സ്റ്റാഫ് റൂമിൽ നിന്ന് ചില ശബ്ദങ്ങൾ മാത്രം പതുക്കെ ഞാനും നടന്നു.

കുറേനേരം ഇരുന്നതിനാലാണെന്ന് തോന്നുന്നു കാലു വേദന എടുക്കുന്നു . ലിഫ്റ്റ് ചോദിക്കാം എന്ന ആശയം മനസ്സിൽ ഉദിച്ചു . ഞാൻ മുഷ്ടിചുരുട്ടി തള്ളവിരൽ ഉയർത്തി ആംഗ്യം കാണിച്ചു തുടങ്ങി. ചിലർ കണ്ടില്ല, ചിലർ നിർത്താതെ പോയി ,ചിലർ മരണവെപ്രാളത്തിൽ പായുന്നു. അവസാനം ഒരു ബൈക്ക് എന്നെ കണ്ടു നിർത്തി ,ഒരു മധ്യവയസ്ക്ൻ ഞാൻ അതിൽ കയറി, പിന്നീടെല്ലാം പെട്ടെന്നായിരുന്നു ,എന്താ വേഗത എന്റെ കണ്ണുകൾ ഞാൻ അടച്ചു അല്ല താനേ അടഞ്ഞു,. ബൈക്ക് എവിടെയെത്തിയെന്ന് ഒരു പരിചയവുമില്ല , എനിക്ക് പരിചയമില്ലാത്ത സ്ഥലം ആ ബൈക്ക് അവിടെ നിർത്തി ആ ബൈക്ക് അവിടെ നിർത്തി .

# TECH - FRANCIA

എനിക്ക് എന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. മൊബൈൽഫോണുകളും, കംപ്യൂട്ടറുകളും, മൊബൈൽ ഗെയിംസ് നിറഞ്ഞ ഒരു സ്ഥലം. ഞാൻ എന്റെവീടിനെ മറന്നു. പിന്നീടാ ലോകത്തിൽ ആയി എന്റെ ജീവിതം .ഒരു ഹൈടെക്ക് ജീവിതം. ഇന്റെർനെറ്റിലെ പുതിയ നൂതന ആശയങ്ങൾ തേടി ഞാൻ പോയി . ഇന്റെർനെറ്റും ഫോണും എന്നാൽ ഗെയിംസ് മാത്രമല്ലെന്ന് എനിക്ക് മനസ്സിലായി, പണം സമ്പാദിക്കാനും, സ്വന്തമായി കമ്പനി തുടങ്ങാനും ഞാൻ ആഗ്രഹിച്ചു. ഹാർഡ്വെയർ , ആനിമേഷനും ,ഇലക്ട്രോണിക്സും എന്നെ വല്ലാതെ ആകർഷിച്ചു.

പക്ഷേ പെട്ടെന്നൊരു സുപ്രഭാതത്തിൽ എല്ലാം തീർന്നു, ഒരു ഭൂകമ്പം ആ സ്ഥലത്ത് തീവ്രമായി വന്നു എല്ലാം തകർന്നു . ഞാൻ അതാ ഒരു കൊക്കയിലേക്ക് മറിയുന്നു. കണ്ണുതുറന്നു നോക്കുമ്പോൾ എന്റെ ബെഡ്റൂം, ലിറ്റിൽ കൈറ്റ്സ് ഐഡി കാർഡിലെ എന്റെ ചിത്രം എന്നെ നോക്കി ചിരിക്കുന്നു. ഇത്രയും നേരം കണ്ടത് ഒരു സ്വപ്നമായിരുന്നു. നാളെ ലിറ്റിൽ കൈറ്റ്സ് പരിശീലനമുണ്ട്. അതിന്റെ ഹാങ്ങോവറാ വീണ്ടും ഞാൻ ആ സ്വപ്നത്തെ ഓർത്ത് കട്ടിലിൽക്കിടന്നു.



ഹൈടെക് ക്ലാസ് മുറി

# മാറ്റൊലി



ആദിനാഥ് പി ആർ IX C

ഭാരത മാതാവിൻ മാറിൽ ഉണരുന്ന
ധർമ്മച്യുതിതൻ പെരുമ്പറകൾ
മണ്ണിലെ മാനവ മൗനദു:ഖങ്ങളൊ
സംഹാര താണ്ഡവമാടിടുന്നു.
ഗംഗതൻ തീർത്ഥ ജലത്തിൽ മുങ്ങി
പാപം കഴുകുന്ന നായകന്മാർ
പുലർകാല വെട്ടവും സന്ധ്യതൻ ദീപ്തിയും
ഭൂമിതൻ മടിയിൽ മരിച്ചിടുന്നു.
കണ്ണുകൾ കെട്ടി കളിക്കുന്നു ദൈവം
കണ്ണെത്താ ദൂരത്തൊളിഞ്ഞു നിന്ന്.
യുദ്ധവും,മരണവും,കള്ളവും ചതികള-
മാവോളമേറുന്ന ഭൂമിയിങ്കൽ
സ്വപ്നനൗകയിളിഞ്ഞു നിന്ന്.
യുദ്ധവും,മരണവും,കള്ളവും ചതികള-
മാവോളമേറുന്ന ഭൂമിയിൽ
വിസ്മൃതിതൻ സ്വപ്ന നൗകയിലേറിയീ-
മണ്ണിൽ വെടിഞ്ഞതോ മർത്ത്യ ധർമ്മം
അർത്ഥമില്ലാത്തൊരീ ജീവിതയാത്രയിൽ
വെട്ടിപ്പിടിച്ചതോ രത്ന സിംഹാസനം
സപ്തവർണ്ണാഞ്ചിതമാകുമീ ഭൂമിയിൽ
വന്നിടുമോ മൺമറഞ്ഞ കാലം.

==================================

# ചിത്രം



അലൻ സി ജോൺസൺ VIII C





സിറിൽ സാബു സി X A


# Question... Answer?

I have a question in my mind
And the answer to find
Everyone is talking about word cup
And the team which is going to lift it up

After the game of foot ball
Some one will be happy
Some one will be sad
Some one will be angry

Some one will blame him for losing
Some one will thank him for winning
I have a question in my mind
And the answer to find

Whether I would be the fan of Brazil
Or be the fan of Argentina?
Whether I would be the fan of Iceland
Or be the fan of France?



സ്റ്റീവിൻ ഫ്രാൻസിസ് VIII D


# എന്റെ ബാല്യകാലം

ഓർമ്മിക്കുവാൻ എന്തു രസമെൻ ബാല്യകാലം
അമ്പിളിമാമനെ മാനത്തു കാണുമ്പോൾ
ഓർക്കുന്നു ഞാൻ എന്റെ ബാല്യകാലം
കൂട്ടുകാരോടൊപ്പം ഞാൻ കളിച്ചു
രസിച്ചിരുന്ന സുന്ദരമാം ബാല്യകാലം
മാവിലെ മാങ്ങ പറിച്ചതും കളിച്ചതും
ഓർക്കുവാൻ എന്തുരസം എന്റെ ബാല്യകാലം
ഇനി ഇതുപോലത്തെ ബാല്യകാലം
തിരിച്ചുവരുമോ? ഓർമ്മിക്കുവാൻ.

# ചിത്രം



ആര്യൻ വി എൻ VII B



# തിരകൾ തേടി



എം എൽ സനൽ VII B

ക്ഷമയുടെ അറ്റം എന്ന് കേട്ടിട്ടുണ്ടോ? രണ്ടു നാലുദിവസം അവധി കിട്ടിയപ്പോൾ അതായിരുന്നു എന്റെ അവസ്ഥ. രണ്ടു ദിവസം വീട്ടിൽ വെറുതെ ഇരുന്നു അപ്പോഴാണ് അമ്മ പറഞ്ഞത് മുതുവറയിലേക്ക് പോകാമെന്ന്. ഞാൻ ആഹ്ലാദംകൊണ്ട് മതിമറന്നു. കാരണം,അവിടെ സിജി ചിറ്റയും പിന്നെ കുട്ടുവും കുക്കുവും ഉണ്ടായിരുന്നു. അന്നു വൈകീട്ട് ഞാനും അമ്മയും എൻറെ അനിയത്തിയും കൂടി മുതുവറയിലേക്ക് പോയി. അവിടെ എന്റെ അമ്മയുടെ വീടാണ്.

പിറ്റേ ദിവസവും രാവിലെ മുതൽ ഉച്ചവരെ കളികളിൽ മുഴുകിയിരിക്കുകയായിരുന്നു. അവിടെ എന്റെ കൂട്ടുകാരായ ഋതുവും ധ്രുപതും ഉണ്ടായിരുന്നു. ഞങ്ങൾ ഫുട്ബോളും ക്രിക്കറ്റും കളിച്ചു. ഉച്ചകഴിഞ്ഞപ്പോൾ ഞങ്ങൾ അപ്പാപ്പനോട് ചോദിച്ചു. അപ്പാപ്പാ നമുക്ക് കടലുകാണാൻ പോയാലോ?" ആദ്യം അപ്പാപ്പൻ വിസമ്മതിച്ചെങ്കിലും ഞാൻ നിർബന്ധിച്ചപ്പോൾ അപ്പാപ്പൻ സമ്മതിച്ചു. ഞങ്ങൾ ഓട്ടോ ടാക്സിയിലാണ് പോകാൻ തീരുമാനിച്ചത്. വണ്ടി വന്ന ഉടൻ ഞാൻ ഫ്രണ്ട് സീറ്റിൽ കയറിയിരുന്നു. എൻറെ അനിയത്തിയും കുക്കുവും കുട്ടുവും ഫ്രണ്ട് സീറ്റിൽ ഇരിക്കണമെന്ന് പറഞ്ഞപ്പോൾ അപ്പാപ്പൻ രക്ഷകനായി. ഞങ്ങൾ പോയ വഴി വളരെ ദുർഘടവും വളഞ്ഞതും ആയിരുന്നു.

ഏതാണ്ട് നാലു മണി ആയപ്പോഴേക്കും ഞങ്ങൾ ബീച്ചിലെത്തി ബീച്ചിലെത്തിയ ഉടനെ വെള്ളത്തിലിറങ്ങാൻ തുടങ്ങുമ്പോഴാണ് അമ്മാമ്മ പറയുന്നത് വെള്ളത്തിൽ ഇറങ്ങിയാൽ സ്നാക്സ് കഴിക്കാൻ പറ്റില്ലത്രേ. പക്ഷേ, ഞാൻ അതൊന്നും ശ്രദ്ധിക്കാതെ വെള്ളത്തിലിറങ്ങി. ഞാൻ തിരമാലകളെ ആസ്വദിക്കുകയായിരുന്നു. കുട്ടികളെല്ലാവരും സ്വപ്നലോകത്ത് എന്നപോലെ അത്ഭുതപ്പെട്ട് നിൽക്കുകയായിരുന്നു. അപ്പോൾ അപ്പാപ്പൻ കാറ്റത്തു കറങ്ങുന്ന പമ്പരം വാങ്ങിച്ചത് എനിക്ക് ഇഷ്ടമായി. ഏതാണ്ട്, ഒന്നരമണിക്കൂറോളം തിരമാലകളെ അടുത്തറിഞ്ഞു. സമയം അഞ്ചു മണി കഴിഞ്ഞ്

അൻപത് മിനിറ്റ് . കുട്ടു കരയിൽ കയറാതെ വാശിപിടിച്ച് നിൽക്കുമ്പോഴാണ് ഞാനും അമ്മയും കുറച്ചുകൂടി കരയിൽനിന്ന് ഇറങ്ങി നിന്നു. സമയം വൈകിയതിനാൽ തിരമാലകൾ ദ്വേഷ്യം പ്രകടിപ്പിക്കാൻ തുടങ്ങി. കുട്ടു കുറച്ചുകഴിഞ്ഞപ്പോൾ കളി അവസാനിപ്പിച്ചു കരകയറി. ഞാനും അമ്മയും മാത്രമാണ് ഇപ്പോൾ കയറാത്തത്.

പെട്ടെന്ന്, ഒരു തിരമാല ആർത്തിരമ്പി വരുന്നു. നീന്തൽ പഠിച്ചു കഴിഞ്ഞ് എ ന്നോടാ കളി ? ഞാനവിടെ നെഞ്ചു വിരിച്ചു നിന്നു. തിര വന്ന് അടിച്ചപ്പോൾ എൻറെ നിയന്ത്രണം വിട്ടുപോയി. ഞാനുറക്കെ ഓളിയിട്ടു. അമ്മ എന്റെ വലതുകൈയ്യിൽ മുറുകെ പിടിച്ചു. അപ്പോഴാണ് എനിക്ക് ആശ്വാസമായത് .ഈ അനുഭവം എനിക്കൊരിക്കലും മറക്കാനാവാത്തതാണ്. ഈ കടൽത്തീരത്തെ ഏകാന്തമായ കാറ്റും ആർത്തിരമ്പുന്ന തിരമാലകളും എന്നോട് എന്തോ പറയുന്നതുപോലെ .....അവർ എന്തായിരിക്കും പറയുന്നുണ്ടാവുക.........

=========================

# ചിത്രം



ഹരിനന്ദൻ പി എം VII A






മുഹമ്മദ് സഫ്‌വാൻ പി സ്
V A

# ജർമ്മൻ നാടോടിക്കഥകൾ

എബ്രഹാം എന്ന വ്യക്തി രചിച്ച പുസ്തകമാണിത്. ഈ പുസ്തകത്തിന്റെ പേര് "ജർമ്മൻ നാടോടിക്കഥകൾ"എന്നാണ് . ഇതിൽ മുഴുവൻ നാടോടിക്കഥകളാണ്. ജർമ്മൻ ജനത ലോകത്തിലെ മറ്റു ജനതകളിൽ നിന്നും സാംസ്കാരിക സവിശേഷതകളിൽ വളരെ വ്യത്യസ്തമായ കാഴ്ചപ്പാടുള്ളവരാണ്. അവരുടെ സംസ്കാരത്തിന്റെ സൂക്ഷ്മധ്വനികൾ ഈ നാടോടിക്കഥകളിൽ നമുക്ക് കണ്ടെത്താൻ കഴിയും.

നാടോടിക്കഥകൾ ഒരു നാടിന്റെ ഹൃദയം തുറന്നു കാട്ടുന്നവയായതിനാൽ ഈ കഥകൾ പ്രതിഫലനങ്ങളാണ്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വായിച്ച് ആസ്വദിക്കാൻ കഴിയുന്ന ഈ നാടോടികഥകൾ ഒരു പുതിയ വായനാനുഭവമായിരിക്കും. ഈ പുസ്തകം എനിക്ക് ഇഷ്ടപ്പെട്ടു.

# ഈസോപ്പുകഥകൾ



നെവിൻ ചിറമ്മൽ VII A

രണ്ടായിരത്തിയഞ്ഞൂറ് വർഷങ്ങൾക്കുമുമ്പ് ഗ്രീസിൽ ജനിച്ച ഒരു ഊമ ബാലനായിരുന്നു ഈസോപ്പ്. അവൻ കാഴ്ചയിൽ വിരൂപൻ ആയിരുന്നു പുറത്തെ കൂനും കാലിൻറെ മുടന്തും അവനെ സമൂഹത്തിന് മുമ്പിൽ അവഹേളന പാത്രമാക്കി . എങ്കിലും അവൻറെ അമ്മ അവനെ സ്നേഹിച്ചു. അവന് ധാരാളം കഥകൾ പറഞ്ഞുകൊടുത്തു അധികകാലം കഴിയുംമുമ്പ് അമ്മ അവനെ ഒരു വൃദ്ധനെ ഏൽപ്പിച്ചു മരിച്ചു . ബുദ്ധിമാനായ ആ വൃദ്ധനും അവന് ധാരാളം കഥകൾ പറഞ്ഞുകൊടുത്തു .വളർന്നപ്പോൾ ഈ കേട്ട കഥകളും അനുഭവസമ്പത്തും അവനെ ലോക പ്രശസ്തനാക്കി .അവൻ കഥകളിലൂടെ ലോകത്തോട് സംസാരിച്ചു .ബുദ്ധി ,വിവേകം, നീതി ,കഠിനാധ്വാനം തുടങ്ങി ഗുണങ്ങൾ കുട്ടികളിലും മുതിർന്നവരിലും വളർത്താൻ ഈസോപ്പ് കഥകൾക്കും സാധിക്കും .നൂറ്റിയൊന്ന് കഥകളുടെ ഒരു സംഗ്രഹമാണ് ഈ പുസ്തകം. ജോർജ് ഇമ്മട്ടി ആണ് ഈ പുസ്തകം എഴുതിയിരിക്കുന്നത്.





അഭിരാം സോമൻ X A

# ആൽക്കെമിസ്റ്റ്

ബ്രസീലിയൻ സാഹിത്യ ദിവസം ഇതിഹാസം പൗലോ കൊയിലോ രചിച്ച നോവലാണ് ആൽക്കെമിസ്റ്റ്. മൂന്നു പതിറ്റാണ്ടുകളായി ഏറെ ചർച്ചചെയ്യപ്പെട്ട നോവലാണിത്. അറുപത്തിയേഴ് ഭാഷകളിലായി അരക്കോടി കോപ്പികൾ വിറ്റഴിഞ്ഞ ഈ ഗ്രന്ഥം നോവൽ എന്നതിലേറെ പ്രചോദനാത്മക ഗ്രന്ഥം എന്നാണ് അറിയപ്പെടുന്നത് .തീവ്രമായി ആഗ്രഹിക്കുന്ന ഒരു കാര്യത്തിനായി ഇറങ്ങിപ്പുറപ്പെട്ടാൽ ഈ പ്രപഞ്ചം പോലും സ്വപ്നസാക്ഷാത്കാരത്തിനായി നിങ്ങളുടെ ഒപ്പമുണ്ടാകും എന്ന വലിയ ആശയത്തിലൂടെയാണ് ഈ നോവൽവികസിക്കുന്നത്.

ആട്ടിൻപറ്റങ്ങളെ മേച്ചു നടക്കുമ്പോൾ സാൻറിയാഗോ എന്ന ഇടയ ബാലന്റെ കൈപിടിച്ച് ഒരു കുട്ടി അവനെ ഈജിപ്റ്റിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും പിരമിഡുകളുടെ സമീപമുള്ള നിധി കാട്ടിക്കൊടുക്കുകയും ചെയ്യുന്നു.സാന്റിയാഗോയ്ക്കുണ്ടാകുന്ന ഈ സ്വപ്ന ദർശനത്തിന്റെ പ്രേരണയിൽ അവൾ യാത്ര തിരിക്കുന്നു. ആൽക്കെമിസ്റ്റ് ആ യാത്രയുടെ കഥയാണ്.

സ്പെയിനിലെ പുൽമേടുകളിൽ ആടുകളെ മേച്ചു നടക്കുന്ന സാന്തിയാഗോ എന്ന ഒരു ഇടയ ബാലനാണ് ഇതിലെ നായകൻ .ആടുകളെ മേച്ച് വിശ്രമിക്കാൻ ഒരു തകർന്ന പള്ളിയിൽ കയറി ഉറങ്ങുമ്പോൾ സാൻറിയാഗോ ഒരു സ്വപ്നം കാണുന്നു . തനിക്ക് ഒരു കുട്ടി പിരമിഡുകൾക്കിടയിലുള്ള നിധി കാണിച്ചുതരുന്നു. ആ സ്വപ്നം അവൻ രണ്ടാംതവണയാണ് കാണുന്നത് . അതിൽ എന്തോ സത്യമുണ്ടെന്ന് മനസ്സിലാക്കിയ അവൻ ആ നിധി തേടി പോകുന്നു . താൻ കണ്ട സ്വപ്നം സത്യമാണോ എന്നറിയാൻ അവൻ പലരെയും കാണുന്നു. അങ്ങനെ ഒരു വൃദ്ധനെ കണ്ടുമുട്ടുന്നു.അദ്ദേഹം

അവന് വേണ്ട ഉപദേശങ്ങൾ കൊടുക്കുന്നു അവൻറെ സഹായത്തിനായി രണ്ട് കല്ലുകൾ കൊടുക്കുകയും ചെയ്തു .

അവൻ തന്റെ ആടുകളെ വിറ്റ് ഈജിപ്തിലേക്കു പോകുന്നു .എന്നാൽ അവന്റെ കാശ് ഒരു കള്ളൻ കട്ടു കൊണ്ടുപോകുന്നു. പിന്നെ അവൻ ഒരു സ്ഫടികപാത്രകടക്കാരന്റെ അടുക്കൽ ജോലിക്ക് ചേർന്നു . എന്നിട്ട് കുറച്ചു ദിവസങ്ങൾക്കുശേഷം അവൻ ഈജിപ്തിലേക്ക് പോകാൻ തയ്യാറെടുക്കുന്നു. ആ യാത്ര മരുഭൂമിയിൽ കൂടിയായിരുന്നു .അവന് ഒരു സുഹൃത്തിനെ കിട്ടി. ഒരു ഇംഗ്ലീഷുകാരൻ. അവർ യാത്ര തുടർന്നു ഒടുവിൽ ഒരു മരുപ്പച്ചയിൽ എത്തി . അവിടെ അവൻ ഒരു പെൺകുട്ടിയെ ഇഷ്ടപ്പെട്ടു .ഫാത്തിമ എന്നായിരുന്നു അവളുടെ പേര്. യാത്രയ്ക്കിടയിൽ അവൻ മരുഭൂമിയുടെയും പ്രകൃതിയുടെയും ഭാഷ മനസ്സിലാക്കിയിരുന്നു. ആ കഴിവുകൊണ്ട് മരുപ്പച്ചയ്ക്ക് വരാൻപോകുന്ന ആപത്തിൽ നിന്ന് മരുപ്പച്ചയെ രക്ഷിച്ചു .

ഒടുവിൽ ഒരു ആൽക്കെമിസ്റ്റ് അവനെ തേടി വന്നു. അവൻറെ ആഗ്രഹത്തെ കുറിച്ച് ആൽക്കമിസ്റ്റിന് നല്ലവണ്ണം അറിയാമായിരുന്നു .ആൽക്കെമിസ്റ്റ് അവനെ ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചു .എങ്ങനെ സാധാരണ ഒരു ലോഹത്തിൽനിന്ന് സ്വർണം ഉണ്ടാക്കാമെന്നും സ്വയം കാറ്റായി എങ്ങനെ മാറാമെന്നും അവനെ പഠിപ്പിച്ചു .അങ്ങനെ സാന്തിയാഗോയെ നിധിയുടെ അടുത്തെത്തിച്ച് ആൽക്കമിസ്റ്റ് പോയി . അവൻ നിധി ഇരിക്കുന്ന സ്ഥലം കണ്ടു പിടിച്ചു.

പക്ഷേ അവിടെ കുഴിച്ചപ്പോൾ ആ നിധി അവിടെ ഇല്ലായിരുന്നു. കുഴിക്കുന്ന സമയത്ത് അവനോട് ഒരാൾ വന്നു പറഞ്ഞു .താനും ഇങ്ങനെ ഒരു സ്വപ്നം കണ്ടിട്ടുണ്ട്. സ്പെയിനിലെ ഒരു ഇടിഞ്ഞ പള്ളിയുടെ അടിയിലിരിക്കുന്ന നിധി. എന്നാൽ താൻ അത് അന്വേഷിച്ചു പോയിട്ടില്ല .ആ വാക്കുകളിൽ നിന്ന് മനസ്സിലായി ഞാൻ തേടുന്ന നിധി എവിടെയാണ് .അവൻ തിരിച്ചു സ്പെയിനിലേക്കു പോയി . ഇടിഞ്ഞുപൊളിഞ്ഞ ആ പള്ളിയിൽ നിന്ന് ആ നിധി കണ്ടെടുത്തു .എന്നിട്ട് തൻറെ പ്രിയസഖി ഫാത്തിമയുടെ അടുത്തേക്ക് യാത്രതിരിക്കുന്നു,വൃദ്ധനും ആൽക്കമിസ്റ്റിനും നന്ദിപറഞ്ഞുകൊണ്ട് .

ഓരോ പതിറ്റാണ്ടിലും വായനക്കാരുടെ മനസ്സിനെ ഇളക്കിമറിക്കുന്ന ഒരു പുസ്തകം പിറന്നുവീഴുന്നു. 'ആൽക്കെമിസ്റ്റ്' അത്തരത്തിലുള്ള ഒരു പുസ്തകമാണ്.

# ചിത്രം



സൂര്യൻ വി എൻ VII B



# കുരുടൻ

അനുവദിച്ചതിലധികം  ചോദിച്ചതിന്
ദൈവം ശിക്ഷ വിധിച്ചിരിക്കുന്നു....!
എല്ലാ പഴങ്ങളും ഭക്ഷിക്കരുതെന്നും
എല്ലാ നിറങ്ങളും ചോദിക്കരുതെന്നും
അവൻ പറഞ്ഞിരുന്നു...........
അനർഹമായ ഫലങ്ങളന്വേഷിച്ച്
എങ്ങുമെത്താ യാത്രകളിലാകവേ
അടയാളങ്ങളായി വന്നതാരാണ്....
ഇപ്പോഴീ മരക്കൊമ്പിലേകനാണ് ഞാൻ,
കാഴ്ച  തിരിച്ചെടുക്കപ്പെട്ട പക്ഷി
നിറങ്ങളില്ലാത്തൊരീ ലോകത്തിൽ
അജ്ഞാതമവിശദ്ധമാകുന്നു താഴെ തെരുവുകൾ,
അത്യാഗ്രഹത്തിന്റെയീ മരക്കൊമ്പിൽ
കാറ്റുകൾ പോലും വരാൻ മടിക്കുന്നുവല്ലോ.........
പിറന്നു വീഴും മനസ്സിൽ പരിശുദ്ധായായ്
ഈ മരക്കൊമ്പിൽ നിന്നെനിക്കിറങ്ങണം.
സർപ്പം കൊത്തുമിരുട്ടിൽനിന്നും
ആഗ്രഹങ്ങളുടെ വറ്റാത്ത കർക്കിടകത്തിൽ നിന്നും
മഗ്ദലനേയുടെ മോചനം പോലെ
നിൻ മുറിവിലേക്കെൻ കൺതുറക്കട്ടെ ഞാൻ....



ജിഷ്ണു സി യു  X D

# ചിത്രം



അക്ഷയ് ടി എസ്  X D





**എഡ്‌വേർഡ് ഷാജു VII A**

# രാക്ഷസനും കുട്ടിയും

ഒരു ഗ്രാമത്തിൽ അമ്മയും മകനും ജീവിച്ചിരുന്നു . അവർക്ക് ഒരു പശു ഉണ്ടായിരുന്നു. എന്നും പശു അവർക്ക് പാൽ കൊടുത്തുകൊണ്ടിരുന്നു. വീട്ടിൽ സാമ്പത്തിക ബുദ്ധിമുട്ട് വന്നപ്പോൾ പശുവിനെ വിൽക്കുവാൻ തീരുമാനിച്ചു. വിൽക്കാൻ വേണ്ടി അമ്മ അവനെ ചന്തയിലേക്ക് അയച്ചു. വഴിയിൽവെച്ച് കുട്ടി ഒരു അപരിചിതനെ കണ്ടുമുട്ടി. അദ്ദേഹം അവരോട് ചോദിച്ചു. "എവിടേക്കാണ് കുട്ടി പോകുന്നത്"? അവൻ പറഞ്ഞു ."ഞാൻ പശുവിനെ വിൽക്കാൻ ചന്തയിലേക്കാണ്". അദ്ദേഹം പറഞ്ഞു ,"ഞാൻ പശുവിനെ വാങ്ങാം. അതിനുപകരം നിനക്കു രണ്ട് പെട്ടികൾ തരാം. ഞാൻ തരുന്നവ സാധാരണ പെട്ടികൾ അല്ല. മാന്ത്രിക പെട്ടികളാണ്. ഇതിൽ ഒരു പെട്ടി മാത്രമേ തുറക്കുവാൻ പാടുള്ളൂ. മറ്റേ ഒരെണ്ണം നിൻറെ ഗ്രാമത്തിൽ ക്ഷാമം വരുമ്പോൾ നിനക്കും മറ്റുള്ളവർക്കുമായി ഉപകരിക്കും".

കുട്ടി പശുവിനെ കൊടുത്തു ആ രണ്ട് പെട്ടികൾ വാങ്ങി വീട്ടിലേക്ക് മടങ്ങി. വീട്ടിലെത്തിയ ഉടനെ ആ രണ്ട് പെട്ടികളും അമ്മയെ കാണിച്ചു. ആ അപരിചിതൻ പറഞ്ഞത് മുഴുവനും അമ്മയെ കേൾപ്പിച്ചു. ഉടനെ അമ്മ അതിൽ ഒരു പെട്ടി തുറന്നു. അതുകണ്ട് അമ്മ ഞെട്ടി അത് നിറയെ സ്വർണമായിരുന്നു.അമ്മ ദൈവത്തോട് പ്രാർത്ഥിച്ചു ."ഓ , നല്ലവനായ അങ്ങ് ഞങ്ങളെ അനുഗ്രഹിച്ചല്ലോ". എന്നാൽ കുട്ടിക്ക് ഒരു അതിമോഹം തോന്നി. അവൻ രണ്ടാമത്തെ പെട്ടിയിൽ എന്താകും എന്നാലോചിച്ചു. അവൻ അപരിചിതന്റെ വാക്കുകൾ മറന്നു. ഒരുദിവസം അവൻ അമ്മയില്ലാത്ത സമയം നോക്കി രണ്ടാമത്തെ പെട്ടി തുറന്നു. എന്നാൽ അപരിചിതൻ പറഞ്ഞതുപോലെ സംഭവിച്ചു. അതിൽനിന്നും പുറത്തുവന്നത് ഒരു രാക്ഷസൻ ആയിരുന്നു. അവൻറെ കഥ കഴിഞ്ഞത് തന്നെ. അല്ലേ?



# തീരാതെ പ്രളയം

സുമേഷ് എം എസ് X C

കേരളത്തെ വിഴുങ്ങി മഹാപ്രളയം. കേരളത്തെ കണ്ണീരിലാഴ്ത്തി പേമാരിയും പ്രളയവും .രണ്ട് ദിവസം മാത്രം 92 മരണം. തൃശ്ശൂരിലും ആലുവയിലും സ്ഥിതി അതീവ ഗുരുതരം .കൊച്ചി നഗരത്തിൽ ജലനിരപ്പ് ഉയർന്നത് നിമിഷനേരംകൊണ്ട്. ജീവനു വേണ്ടിയുള്ള ഓട്ടപ്പാച്ചില് വെപ്രാളവും മനുഷ്യമനസ്സിനെ നൊമ്പരത്തിലാഴ്ത്തിയ ഒന്നായിമാറി. പ്രളയത്തിന്റെ ആഘാതം പ്രവാസ ജീവിതത്തെയും വലിയൊരു രീതിയിൽ തന്നെ ബാധിച്ചു . നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം ജലനിരപ്പ് ഉയർന്നതിനാൽ ദിവസങ്ങളോളം നിശ്ചലമായി. അതിനപ്പുറം പല മേഖലകളിലായി കുടുങ്ങി കിടക്കുന്ന ജനങ്ങളെ രക്ഷിക്കുവാനുള്ള തത്രപ്പാടിലായിരുന്നു സൈനിക സേനയും തീരദേശവാസികളും . ഹെലിക്കോപ്റ്ററിന്റെയും അതു പോലെ മത്സ്യബന്ധന ബോട്ടുകളും ഉപയോഗിച്ചാണ് രക്ഷാപ്രവർത്തനം സജ്ജീകരിച്ചിരുന്നത് .

പത്തനംതിട്ടയും എറണാകുളവും അടക്കം നാലു ജില്ലകളിൽ പന്ത്രണ്ട് ഹെലികോപ്റ്ററുകൾ ആണുണ്ടായിരുന്നത് . ദുരിതാശ്വാസ ക്യാമ്പിലെ പ്രവർത്തനം ഏറെക്കുറെ മനുഷ്യസഹവാസം ഉണ്ടാക്കുവാൻ ഇടവരുത്തി. പത്തോ നൂറോ അല്ല പതിനായിരത്തിലേറെ ദുരിതാശ്വാസക്യാമ്പുകളാണ്ഓരോ മുക്കിലുംമൂലയിലും ഉയർന്നുവന്നത്. അവർക്ക് ആവശ്യമായ ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്നുപോലും എത്തിക്കാൻ ഉള്ള മനസ്സ് ജനങ്ങൾ കാണിച്ചു . പിഞ്ചുകുഞ്ഞ് അടക്കം വയസ്സായ വൃദ്ധരെ പോലും ഒരു പോറലും ഏൽപ്പിക്കാതെ ക്യാമ്പുകളിൽ എത്തിക്കാൻ രക്ഷാപ്രവർത്തകർക്ക് സാധിച്ചു . ജീവനും ജീവിതത്തിനു മുന്നിൽ പകച്ച് നിന്നുപോയി കേരളജനത. കേരളത്തിൽ ഈ കാലയളവിൽ ഇല്ലാതിരുന്ന ഒരു തരം പ്രതിസന്ധിയിൽ നിന്നും കരകയറാൻ ഇന്നും ജനങ്ങൾക്ക് സാധിച്ചിട്ടില്ല .

## TECH - FRANCIA

മനുഷ്യൻ ഒന്നായി നിന്ന് ജാതിയും മതവും വേർതിരിച്ചു കാണാതെ ഒരുമയോടെ ജീവിച്ച ഒരു പിടി നാളുകൾ എന്നും മനുഷ്യമനസ്സിനെ ഓർമ്മിക്കാൻ കഴിയുന്ന ദിനങ്ങൾ സമ്മാനിച്ചു. പ്രളയം പെയ്തൊഴിയുമ്പോൾ മണ്ണിനുമുന്നിൽ മണ്ണുകൂടിയ ഉറുമ്പിന്റെ അവസ്ഥയാണ് ജനം നേരിടുന്നത്.വെള്ളം താഴ്ന്ന്  സ്വന്തം വീടുകളിൽ എത്തുന്ന വർ വേദനയോടെയാണ് വീടിനെ നോക്കിക്കാണുന്നത്.  വീടും കിടപ്പാടവും നഷ്ടപ്പെട്ട ഒരുകൂട്ടം ജനതയ്ക്ക് മുന്നിൽ ഗവൺമെന്റും മേലധികാരികളും കുമ്പിട്ടു നിന്ന ഒരു അവസ്ഥ.  സ്വന്തമായി കേറിക്കിടക്കാൻ കിടപ്പാടം ഇല്ലാത്തവർക്ക് അത് നിർമിച്ചു നൽകാനും അതുപോലെ പ്രണയ ദുരിതബാധിതർക്ക് സഹായഹസ്തവുമായി എത്താൻ ഒരുപാടുപേർ  മുന്നിട്ടിറങ്ങണം . നല്ലൊരു നാളയെ പണിതുയർത്താൻ നമുക്കെല്ലാം ഒരുമിച്ചുനിന്ന് പ്രവർത്തിക്കാൻ സാധിക്കട്ടെ.



# ചിത്രം



**അലൻ വർഗ്ഗീസ് എം**
**IX B**



# വഴിയോരം




അജിൻ എം വി X A

നിൽക്കുന്നു ഞാൻ ഇന്നീ വഴിയോരത്ത്
ആരെയോ കാത്ത് ഞാൻ നിൽക്കുന്നിതാ
പ്രതീക്ഷയൊന്ന് മനസ്സിനുണ്ട്
മനസ്സിന്റെ ശക്തിയും കുറവാണ്
ഇന്നീ വഴിയോരത്ത് ഏകനായി ഞാൻ നിൽപ്പൂ
ആരെയോ കാത്തുനിൽക്കുന്നു ഞാൻ
സപ്തതി വരെ എന്നെയെത്തിച്ച ദൈവമേ
ഇന്ന് ഞാൻ ഒരാളെ കാത്തുനിൽപ്പൂ
ഒറ്റപ്പെടലിന്റെ  ക്ഷീണവും
മനസ്സിലെ ഭാരം വഹിച്ചുകൊണ്ട്
മരണമെന്ന മനുഷ്യനെ കാത്തു നിൽപ്പൂ
ആരാണ് ഞാൻ ! ഒരു പടു വൃദ്ധൻ
മക്കളതാ  നിൽപ്പൂ നാലുപേർ മുന്നിൽ
വളർത്തിയ എന്നെ മറന്നു നിൽപ്പൂ
ഒറ്റയ്ക്ക് വിട്ടെന്നെ, ഈ വഴിയോരത്തിതാ
മരണത്തെ കാത്തതാ നിൽക്കുന്നു.
മരണത്തെ ഞാൻ എന്തിനു കാക്കണം?
മരണം ഏവനും വിധിച്ചതല്ലേ
ദൈവം നൽകിയ ,ഞാൻ വളർത്തിയ,
ഞാൻ വലുതാക്കിയയെൻ നാലുമക്കളില്ലേ?
മക്കളെ കാത്ത് ഞാൻ നിൽക്കുന്നിതാ
ഇവിടെ മക്കളെ കാക്കുന്ന, പാവമാം അച്ഛൻ

# ചിത്രം



ആരോൺ ഇ ജെ IX B





ജോയൽ സി എൽ VIII D

# കടുവയെ അനുകരിക്കുക


ഒരു കെണിയിൽ നിന്നും രക്ഷപ്പെടുന്നതിനിടെ ഒരു കുറുക്കന്റെ മുൻകാലുകൾ നഷ്ടപ്പെട്ടു. ഒരു ദിവസം ഒരു മനുഷ്യൻ ഈ കുറുക്കനെ കാണാനിടയായി. ആ മനുഷ്യൻ പിന്നീട് ആ കുറുക്കനെ നിരീക്ഷിക്കുമായിരുന്നു. ഇതിന് എവിടെനിന്ന് ഭക്ഷണ ലഭിക്കുന്നു എന്ന് ആ മനുഷ്യൻറെ തീരാത്ത സംശയമായിരുന്നു. അങ്ങനെ ഇരിക്കുന്നതിനിടെ ആ മനുഷ്യൻ കണ്ടു ഒരു കടുവ ദിവസവും ഒരു ജീവിയെ പിടിച്ച് കൊണ്ടു വരും. അതിൻറെ പകുതി ഭക്ഷിച്ചതിനു ശേഷം ബാക്കി കുറുക്കന് കൊടുക്കും.

അയാൾ ചിന്തിച്ചു. ഒരു കുറുക്കൻ പോലും ഇങ്ങനെ സംരക്ഷിക്കപ്പെടുന്നു എങ്കിൽ പിന്നെ ഞാനെന്തിന് കഷ്ടപ്പെടണം എന്നെയും ആരെങ്കിലും നോക്കിക്കൊള്ളും. അന്നുമുതൽ അയാൾ വെറുതെ ഇരിക്കാൻ തുടങ്ങി. ഭക്ഷണം കഴിക്കാതെ എല്ലും തോലും മാത്രമായി. ബോധം പോകുംമുമ്പ് അയാൾ ചിന്തിച്ചു. ഞാൻ കുറുക്കനെ അനുകരിക്കാതെ കടുവയെ അനുകരിക്കണമായിരുന്നു. നിവൃത്തികേട് ബാധിക്കുമ്പോൾ ആരെങ്കിലുമൊക്കെ കൂടെയുണ്ടാകും. അന്യൻ കൊണ്ടുവരുന്ന ആഹാരത്തെ ആശ്രയിക്കുന്നവർക്ക് അവന്റെ ഇഷ്ടങ്ങളെ പരിഗണിക്കേണ്ടി വരുന്നു. അന്യനെ ആശ്രയിക്കുക എന്നത് മാനുഷികം അന്യന് ആശ്രയമാക്കുക എന്നത് ദൈവികം.

# ചിത്രം



ജോജിസ് ഇമ്മാനുവൽ VII A





വിക്ടർ സി പോൾ V A

# ആകാശം

പക്ഷികൾ ഭൂവിനു മീതെ

പറക്കും ആകാശം നീലാകാശം

ഭൂവിൻ മുകളിൽ സ്ഥിതി ചെയ്യും

ആകാശം നീലാകാശം....

നീലനിറത്തിൽ വിസ്തൃതിയോടെ

ആകാശം നീലാകാശം

ചിലപ്പോൾ കരയും ആകാശം

അല്പം കഴിഞ്ഞാൽ പുഞ്ചിരിതൂകും

ഒരു കുഞ്ഞിനെ പോലെ പെരുമാറും

ആകാശം നീലാകാശം


നക്ഷത്രങ്ങൾ വെൺമയോടെ

വെട്ടിത്തിളങ്ങും ആകാശം.

# ചിത്രം



അരുൺ എം ആർ IX B





എഡ്‌വേർഡ് ഷാജു VIII A

# ആസ്വാദനകുറിപ്പ്

ഞാൻ വായിക്കുന്ന പുസ്തകത്തിൻറെ പേര് "തെന്നാലിരാമൻ കഥകൾ". തെന്നാലിരാമൻ കഥകൾ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവയാണ്. ഈ പുസ്തകം എഴുതിയിരിക്കുന്നത് ഉല്ലല ബാബു. ചിത്രങ്ങൾ വരച്ചിരിക്കുന്നത് ബാബു കണ്ടനാട്. നമുക്ക് പലർക്കും ഏറെ പ്രിയപ്പെട്ടവയാണ് ഈ കഥകൾ . ഇരുപത്തിയഞ്ച് കഥകളാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുന്നത്. നല്ല സന്ദേശവും ആശയവും രാമന്റെ ബുദ്ധിയും ചേർന്നുള്ളതാണ് ഈ കഥകൾ . എല്ലാ കഥകളും എനിക്കിഷ്ടപ്പെട്ടു .

കുറച്ചു കഥകളുടെ പേര് മഴയുമായി വന്ന സന്യാസി , ദേവിയുടെ പ്രീതി , വഞ്ചനയിൽ കുടുങ്ങിയ രാമൻ, രാമൻറെ കുതിര, പകുതി സമ്മാനം, കലവും ആനയും, ബാബറും രാമനും തുടങ്ങിയവയാണ്. ഇനിയും കഥകൾ പുസ്തകത്തിലുണ്ട് . "പകുതി സമ്മാനം" എന്ന കഥയാണ് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്. രാമന്റെ ബുദ്ധിയാണ് . ഇതിൽ മഹാപ്രഭു ഒരു പരിപാടി നടത്തുവാൻ തീരുമാനിച്ചു. എന്നാൽ ഈ കാര്യം രാമനെ അറിയിച്ചില്ല. പരിപാടി ദിവസമെത്തി എന്നാണ് മറ്റുള്ളവർ പറഞ്ഞ് രാമൻ അറിയുന്നത്. രാമൻ അവിടെയെത്തി പക്ഷേ രണ്ട് ഭടൻമാർ രാമന് അകത്തേക്ക് കയറ്റിയില്ല .രാമൻ അവരോട് പറഞ്ഞു "എനിക്ക് കിട്ടുന്ന സമ്മാനം പകുതിയാക്കി നിങ്ങൾക്ക് തരാം "അങ്ങനെ ഒടുവിൽ രാമനെ അകത്തേക്ക് കയറ്റി. മഹാപ്രഭോ ഈ വിവരമറിഞ്ഞു .രാമന്ശിക്ഷ നൽകാൻ തീരുമാനിച്ചു .പന്ത്രണ്ട്അടി രാമൻ പറഞ്ഞു ഞാൻ രണ്ടുപേർക്ക് വാക്കു കൊടുത്തിട്ടുണ്ട് എനിക്ക് കിട്ടുന്ന സമ്മാനം പകുതി തരാമെന്ന് അങ്ങനെ ആ രണ്ടു ഭടന്മാർക്കും ആറടി വീതം ലഭിച്ചു. ഇതാണ് കഥയുടെ അർത്ഥം .ഇനിയുംനല്ല കഥകൾ ഉണ്ടാവട്ടെ.

# ചിത്രം



അലക്സ് ചക്രമാക്കിൽ IX A





ജിഷ്ണു സി ജെ X B

# വേരുകൾ നഷ്ടപ്പെടുത്തുന്നവർ

കാടിനു തനതായ ഭാഷയും വ്യാകരണവും ഉണ്ട്.അത് തിരിച്ചറിയാൻ കഴിവുള്ള ചില മനുഷ്യരെ നസീർ പരിചയപ്പെടുത്തുന്നുണ്ട്.കാടിനെ സൂക്ഷ്മമായി തിരിച്ചറിഞ്ഞവർക്ക് കാടിന്റെ ഭാവങ്ങളും തിരിച്ചറിയാൻ കഴിയും. എല്ലാ വേരുകളും അറുത്തുമുറിച്ച് ഒഴുകിനീങ്ങുന്ന നമുക്ക് പ്രകൃതിയുടെ സംഗീതം കാടിന്റെ നേർത്ത രാഗങ്ങൾ ഒന്നും തിരിച്ചറിയാൻ കഴിയുന്നില്ല.താൽക്കാലിക ലാഭത്തിനുവേണ്ടി കാടിനെയും കാട്ടിലെ ജീവജാലങ്ങളെയും നശിപ്പിക്കുമ്പോൾ നാം ആ കളങ്കമില്ലാത്ത ഹൃദയത്തെ കൊത്തിനുറുക്കുകയാണ്.

പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും വലിചെറിഞ്ഞ് നാം കാടിനേയും മരങ്ങളെയും നശിപ്പിക്കുന്നു.നല്ല വെള്ളവും,വായുവുംമണ്ണും ഇല്ലാതാവുമ്പോൾ നമ്മുടെ നിലനിൽപ്പ് അപകടത്തിലാകുന്നു.എല്ലാം വിഷം നിറഞ്ഞതാകുന്നു.മരത്തിനു വേരുകൾ പോലെയാണ് നമുക്ക് നമ്മുടെ സംസ്കാരവും പാരമ്പര്യവും ഭൂതകാലവും . വേരുകൾ ഇല്ലാത്ത വെറും പൊങ്ങുതടികളായി നാം മാറുകയാണ് എന്ന് ലേഖകൻ നിരീക്ഷിക്കുന്നു. കാടിൻറെ ആത്മാവിലേക്ക് വീഥി തിരിച്ചറിഞ്ഞ നസീർ നമ്മെ വേരുകളിലേക്ക് മടങ്ങാൻ ഉദ്ബോധിപ്പിക്കുന്നു.



# ചിത്രം

അനന്ത കൃഷ്ണൻ പി സി IX D





അശ്വിൻദേവ് സി വി IX D

# ചിത്രം





# ചിത്രം

ഹരിനന്ദൻ സി എൻ

IX D





ജിസ്‌റ്റോ VII A

# Alauddin and the Magic Lamp


Alauddin and the Magic Lamp is a folk tale of Middle East. The story is centred on a magic lamp which is believed to have magical power and the one who owns it would have absolute power in the universe. The lamp has been hidden somewhere in Asia and an African conjurer set out in search of this lamp. This magic lamp was obtained by a youth named Alauddin. He acquired immense wealth and fortune with the help of this lamp. This wonderful story leads the children to a world of imagination and excitement.

===================

# ചിത്രം



അഭിഷേക് പി എസ് IX D





ശ്രീഹരി കിഷൻ പി എം V A

# ചിത്രം





അർജ്ജുൻ കെ VII A

# അദ്ധ്വാനിക്കുന്ന മക്കൾ

ഒരു ധനികന് രണ്ടു മക്കളുണ്ടായിരുന്നു .ധനികനാണെങ്കിലും അദ്ദേഹം എന്തുജോലിയും അഭിമാനത്തോടെ ചെയ്തുവന്നു. മക്കളെയും തൊഴിലിന്റെ മഹത്വം അദ്ദേഹം പറഞ്ഞു മനസ്സിലാക്കി .വലിയ ദാനശീലൻ ആയിരുന്നതുകൊണ്ട് അദ്ദേഹം ഉള്ളതൊക്കെ പാവങ്ങൾക്ക് കൊടുത്ത് ദരിദ്രനായി. അങ്ങനെയിരിക്കെ അദ്ദേഹം പണിയെടുത്തു കൊണ്ടിരിക്കുമ്പോൾ ഒരു ദിവസം വീണ് നട്ടെല്ലൊടിഞ്ഞ് കിടപ്പിലായി. അങ്ങനെ കിടക്കുന്ന അദ്ദേഹത്തിന് ഒരുദിവസം പള്ളിയിൽ പോകണം എന്ന ആശ ഉണ്ടായി. "അപ്പച്ചൻ വണ്ടിയിൽ കയറിക്കോളു". മക്കൾ പറഞ്ഞു ."അതിനു നമ്മുക്ക് കുതിരകൾ ഇല്ലല്ലോ മക്കളെ" ."ഞങ്ങൾ വലിച്ചു കൊള്ളാം". മക്കൾ വണ്ടി വലിച്ചു പിതാവിനെ പള്ളിയിൽ കൊണ്ടുപോയി കൊണ്ടുവന്നു. അവരുടെ പിതൃ സ്നേഹത്തെ നാട്ടുകാർ പുകഴ്ത്തി.

വണ്ടി വലിച്ചതിന് ചിലർ അവരെ കളിയാക്കിയെങ്കിലും ഏതു തൊഴിലും മഹത്തായതാണെന്ന് അവർ പറഞ്ഞു മനസിലാക്കികൊടുത്തപ്പോൾ കളിയാക്കിയവരും ആ മക്കളെ അഭിനന്ദിയ്ക്കുകയാണുണ്ടായത്. ആ മക്കളുടെ പിതൃസ്നേഹവും തൊഴിലിനോടുള്ള ബഹുമാനവും കേട്ടറിഞ്ഞ രാജാവ് അവരെ വിളിച്ചുവരുത്തി .രാജധാനിയിൽ ഉദ്യോഗസ്ഥരായി നിയമിച്ചു. ഏതു പണിയും പുണ്യമാണെന്നും പിതാവിനെ ശുശ്രൂഷിക്കുന്നത് മഹാ പുണ്യമാണെന്നും തെളിയിച്ച മക്കൾ ഉദ്യോഗത്തിൽ ഉയർന്ന് രാജ്യത്തെ മന്ത്രിമാരായി മാറി.

# ചിത്രം



സൂരജ് വി സി IX B





സനൽ പ്രിൻസ് V A

# ചിത്രം





അരുൺ പ്രകാശ് X A

# ഇനിയും മുന്നോട്ട്

*അറിവിൻ ആലയമല്ലോ !*

*കലതൻ ആലയമല്ലോ!*

*നന്മതൻ ആലയമല്ലോ!*

*സ്നേഹത്തിൻ ആലയമല്ലോ!*

*എന്റെയീ വിദ്യാലയം*

*വിവേകവും ബുദ്ധിയും*

*കരുണയും ദയയും*

*എന്നിൽ വളർത്തുമീ*

*എൻ കൊച്ചു വിദ്യാലയം*

*ഉയരട്ടെ നിൻ കീർത്തി*

*വളരട്ടെ നിൻ കീർത്തി*

*വളരട്ടെ നിൻ മഹത്വം*

*ജ്വലിക്കട്ടെ വാനോളം*

*വിദ്യതൻ വിഹാരമായി*

*എൻ സ്വന്തം വിദ്യലയം*

================

# ആസ്വാദനക്കുറിപ്പ്



മുഹമ്മദ് സഫ്‌വാൻ പി എസ് V A

## ഇ – സാധ്യതകൾ

ഈ പുസ്തകം രചിച്ചത് ജോസ് ആൻറണി വർഗീസ് പോൾ എന്ന വ്യക്തിയാണ്. ഇതിൽ വിവരങ്ങൾ നേടാനും വിജ്ഞാനം വർദ്ധിപ്പിക്കാനും ഒക്കെ ധാരാളം സാധ്യതകളുണ്ട് . ഈ പുസ്തകത്തിൽ കമ്പ്യൂട്ടറിനെ കുറിച്ചാണ് കൂടുതൽ പറയുന്നത് ചെറിയവർക്കും വലിയവർക്കും ഉപകാരപ്പെടുന്ന പുസ്തകമാണ് ഇത്. ശ്രീ ജോസ് ആൻറണി മൂലേച്ചാലിൽ രചിച്ച ഈ ഗ്രന്ഥം ശ്രീ വർഗീസ് പോൾ എഡിറ്റ് ചെയ്തു സ്വന്തം ലേഖനങ്ങളും ചേർത്ത് സമ്പുഷ്ടമാക്കിയിരിക്കുന്നു. വിജ്ഞാനം വിരൽത്തുമ്പിൽ എത്തിക്കുന്നതിൽ വിവര സാങ്കേതിക വിദ്യക്കുള്ള കഴിവ് വിസ്മയനീയമാണ്. നമുക്കു ചുറ്റും കാണുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് വിജ്ഞാനം അത്യന്താപേക്ഷിതമാണ്.

വിവരസാങ്കേതികവിദ്യ സമ്മാനിച്ച അനന്തസാധ്യതകളെ പ്രയോജനപ്പെടുത്താനും വിജ്ഞാനം പ്രധാനമാണ്. ആരോഗ്യം വിദ്യാഭ്യാസം സാമൂഹികജീവിതം സമ്പത്ത് രംഗം എന്നിങ്ങനെ സകല മേഖലകളെയും തൊട്ടുതലോടി കടന്നുപോകുന്ന വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ അവതരിപ്പിക്കുന്നതാണ് ഈ പുസ്തകം . സാമ്പത്തിക പ്രതിസന്ധികളെ മറികടക്കുന്നതിന് ഉതകുന്ന ഒരു തൊഴിലുറപ്പ് പദ്ധതിയും ഈ പുസ്തകം വാഗ്ദാനം ചെയ്യുന്നുണ്ട് .പരിമിതമായ കമ്പ്യൂട്ടർ വിജ്ഞാനവും പരിശ്രമിക്കാൻ ഒരു മനസ്സുമുണ്ടെങ്കിൽ ഈ പുസ്തകം നിങ്ങളുടെ ജീവിത വിജയത്തിന് ഒരു വഴികാട്ടിയായിരിക്കും. ഈ പുസ്തകം എനിക്ക് ഇഷ്ടപ്പെട്ടു.

# സ്നേഹത്തിൻ നൊമ്പരം



സുമേഷ് എം എസ് X C

മഴതേങ്ങും രാവിൽ മലവിങ്ങി നോവിൽ
പെരിയാറിൻ തീരം തേങ്ങി.
മനമൊന്നായ് ചാറി മതമെങ്ങോ ദൂരെ
മലയാളമൊരമ്മയായി....
സ്നേഹമായ് കാരുണ്യമായ്
ജീവനിൽ നാമൊന്നായ്
കേരളം ഒരമ്മച്ചൂടായ്
നെഞ്ചിലായ് ചേർക്കു......
രാവും പകലും ഓരോ ശ്വാസവും
ഓരോ ജീവനും തേടി തേടി നോവിൻ മടിയിൽ നാം ഒന്നായ്
ഉള്ള നിറഞ്ഞും കണ്ണു തുറന്നും
കൈകൾ വിരിച്ചു സ്വന്തം മണ്ണിൽ
ദൈവത്തിൻ നാടായ്.......





അതുൽകൃഷ്ണ VII A

# Unity

The famous writer Sudip N's story is unity. The main characters of the story mouse, crow, deer and tortoise were good friends. There grew a giant banyan tree by the side of the lake. One day the deer failed to come. The rest of the friends waited for a long time. The tortoise asked his friends to search the dear. The crow flew and saw the deer was caught in a hunters net.

He returned quickly to his friends and said our friend is in danger. we need to do something. The tortoise remembered the mouse has sharp teeth and he can cut the ropes of the net and set the deer free. But how to get the mouse he was worried. You are light enough for the crow to carry . The tortoise replied. The crow flew with the mouse. They reached the spot and jumped down and the mouse cut all the net and deer get free .

The tortoise who reached there by then. Tortoise said get away from here . Meanwhile the hunter came and caught the tortoise. Deer , crow and rat planned to help the tortoise .Hunter saw the deer limping. The hunter put down his sack and carefully approached the deer. The mouse cut away the ropes. The tortoise came out of the sack and friends are escaped. Later the four friends got together near the banyan tree and were happy.



സുമേഷ് എം എസ് X C

# മണ്ണിന്റെ മണം

മരണമാർന്നിട്ടും നാളിലും മലയാളമെന്നായി നിന്നിട്ടും
പാറിട്ടും ശലഭമായി മാറിട്ടും പുതുലോകമായ്
നന്മയുള്ള ലോകമേ, കാത്തിരുന്നു കാണുക
കരളുടഞ്ഞ് വീണിടിലിത് കരളുറപ്പുള്ള കേരളം
നന്മയുള്ള ലോകമേ, കാത്തിരുന്നു കാണുക
കരളുടഞ്ഞ് വീണിടിലിത് കരളുറപ്പുള്ള കേരളം
പുഴയായി ചിതറുന്ന മർത്ത്യനും പല ദിക്കിലായ്
ഒരു രാവും പുലരുന്പോൾ തേങ്ങുന്ന നെഞ്ചകം
മണ്ണിന്റെ ഗന്ധവും കേട്ടുണരും
നന്മയുള്ള ലോകമേ കാത്തിരുന്നു കാണുക
കരളുടഞ്ഞ് വീണിടിലിത് കരളുറപ്പുള്ള കേരളം.



ജിഷ്ണു സി യു X D

# शिक्षा के क्षेत्र में कंप्यूटर का योगदान

कंप्यूटर के उपयोग हर लाभकारी हो रहा है और जहां तक शिक्षा के क्षेत्र में कंप्यूटर का योगदान की बात है तो आज आप इंटरनेट पर यह जानकारी भी आप कंप्यूटर के ही द्वारा प्राप्त कर रहें हो, कंप्यूटर की सामान्य जानकारी हर किसी को होनी ही चाहिये, इसलिए शिक्षा के क्षेत्र में कंप्यूटर का प्रार्धन्य बहूत बड़ा है। । कंप्यूटर शिक्षा का एक अच्छा स्रोत है। शिक्षा के क्षेत्र में कंप्यूटर का बड़ा योगदान है। आज हर स्कूल व् कॉलेज में कंप्यूटर लैब है। कम्यूटर के माध्यम से अध्यापकों को भी छात्रों को पढने में सहायता मिलती है। शिक्षक भी विद्यार्थी को प्रभावी ढंग से किसी भी विषय को समझाने के लिये पॉवर पॉइंट प्रेजेंटेशन बनाकर उन्हें समझा सकते हैं, लेकिन इसके लिये प्रोजेक्टर, इंटरनेट आदि व्यावहारिक ज्ञान लेना आवश्यक होगा।

विद्यार्थी अपने लिये जरूरी नोट्स तैयार करने में माइक्रोसॉफ्ट ऑफिस के टूल्स LibreOffice Writer, Calc, और Presentation की सहायता ले सकते हैं Computer भंडारण और डेटा प्रबंधन के लिए सबसे बढ़िया साधन है। कंप्यूटर में आप अनेकों पुस्तकों को डिजिटल फार्मेट में अपने साथ रख सकते हैं और कभी पढ सकते हैं आप इंटरनेट पर कोई भी जानकारी प्राप्त कर सकते हैं। आप कभी–भी और कहीं भी अपने दोस्तों के सम्पर्क में वीडियो कॉल, ईमेल, सोशल नेटवर्किंग जैसे सुविधाओं के माध्यम से जुडें रह सकते हैं । इस तरह् कई ज्ञान कंप्यूटर लाब द्वारा छात्रों को मिलते हैं।

# നന്ദി

മാറ്റങ്ങൾക്കൊപ്പം ചുവടുവെക്കാനുള്ള ഞങ്ങളുടെ എളിയ ശ്രമമായ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിനായി ഞങ്ങൾക്കൊപ്പം നിന്ന ഹെഡ് മാസ്റ്റർ ആന്റോ സി കാക്കശ്ശേരി ,പ്രിൻസിപ്പൽ ഓസ്റ്റിൻ ഇമ്മട്ടി ,കൈത്താങ്ങായി നിന്ന പ്രിയപ്പെട്ട കൈറ്റ് മാസ്റ്റർ ശ്രീ.സെബി തോമസ് കെ ,കൈറ്റ് മിസ്ട്രസ് ശ്രീമതി. ഷെൽജി പി ആർ ,അധ്യാപകർ, ഓഫീസ് സ്റ്റാഫ് തങ്ങളുടെ സൃഷ്ടികൾ മാഗസിനിലേക്കായി തന്ന പ്രിയ സുഹൃത്തുക്കൾ ഏവർക്കും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഹൃദയം നിറഞ്ഞ നന്ദി .


കഠിനാധ്വാനവും,
നിരന്തര പരിശ്രമവുമാണ്
വിജയത്തിന്റെ പരമരഹസ്യം.
ശ്രേഷ്ഠയാത്രയുടെ
50 വർഷം
1968-2018
ദണ്ഡിയാത്ര - 1930
ഗാന്ധിജി-കസ്തൂർബാ 150-ാം ജന്മവാർഷികം (1869 - 2019)
വാഹനങ്ങൾക്ക്
പ്രവേശനമില്ല